പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.138 — 22/3/2013 - ൽ മറുപടിയ്ക്ക്

## കൊപ്രാ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ. വി. വിജയദാസ് | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) തെങ്ങുകളെ വ്യാപകമായി രോഗം ബാധിച്ചതുമൂലം നാളികേരത്തിന്റെ ഉല്പാദനം ഗണ്യമായി കുറയുകയും വർദ്ധിച്ച കൂലിച്ചെലവ് കാരണം കൃഷി ആദായകരമല്ലാതാവുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൊപ്രയുടെ വിപണിവില കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ കുറവാണോ കൂടുതലാണോ എന്ന കാര്യം വ്യക്തമാക്കാമോ; | (ബി) 2013 സീസണിൽ കേന്ദ്ര സർക്കാർ മില്ലിംഗ് കൊപ്രയ്ക്ക് പ്രഖ്യാപിച്ച താങ്ങുവില ക്വിന്റലിന് 5250 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5500 രൂപയുമാണ്. കൊപ്രയുടെ ഇപ്പോഴത്തെ വിപണി വില കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ കുറവാണ്. |
| (സി) കൊപ്രയുടെ സംഭരണം ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയ്ക്കും |

ആണ് കൊപ്രസംഭരണം, നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റഫെഡും മുഖേന നടപ്പിലാക്കി വന്നത്. 2013 സീസണി-ലേക്കുള്ള നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കൊപ്രസംഭരണ ഏജൻസിയായ നാഫെഡ് ക്വിന്റലിന് എത്ര രൂപവെച്ചാണ് കർഷകരിൽ നിന്നും കൊപ്ര സംഭരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | 2012 സീസണിലേക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലുമാണ് നാഫെഡ് കൊപ്ര സംഭരണം നടത്തിയിരുന്നത്. 2013 സീസണിലെ താങ്ങുവിലയനുസരിച്ചുള്ള കൊപ്രസംഭരണം ആരംഭിച്ചിട്ടില്ല. |

Sd/-

**സെക്ഷൻ ഓഫീസർ**